പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2702 **28-10-2026-ൽ മറുപടിയ്ക്ക്**

ഷൊർണ്ണൂർ മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ച ഉരുക്ക് തടയണയുടെ പുനർ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ മാന്നന്നൂർ റെയിൽവേസ്റ്റേഷൻ സമീപത്തായി ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ച ഉരുക്ക് തടയണയും പാർശ്വഭിത്തിയും 2018ലെ പ്രളയത്തിൽ ഭാഗികമായി തകർന്നതിനെത്തുടർന്ന് പുനർ നിർമ്മിക്കാൻ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 12.6 കോടി രൂപയുടെ അംഗീകാരം ലഭിച്ച് പ്രവർത്തനം ആരംഭിക്കുകയും വീണ്ടും പ്രളയത്തിൽ പാർശ്വഭിത്തി തകരുകയും ചെയ്തിരിക്കുന്ന ടി പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: ഭാരതപ്പുഴയ്ക്ക് കുറുകെ പാലക്കാട് ജില്ലയിലെ വാണിയംകുളം പഞ്ചായത്തിൽ മാന്നന്നൂരിൽ സ്റ്റീൽ ഷീറ്റ് പൈൽ ഉപയോഗിച്ച് 2 മീറ്റർ ഉയരത്തിൽ ഉള്ള ചെക്ക് ഡാം ഐ.ഐ.ടി മദ്രാസിന്റെ രൂപകൽപ്പന പ്രകാരം കെ.ഐ.ഐ.ഡി.സി. മുഖേന 2016-ൽ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. 2016, 2017 വർഷങ്ങളിൽ പ്രസ്തുത ചെക്ക് ഡാമിൽ ജലം സംഭരിക്കുകയും ചെയ്തു.

2018-ലെ മഹാപ്രളയത്തിൽ തടയണയുടെ വലതുകര 396 മീറ്ററോളം ഇടിഞ്ഞു വീഴുകയും മണ്ണ് ഒലിച്ചു പോവുകയും ചെയ്തു. ഇതുമൂലം തടയണയിൽ ജലസംഭരണം അസാധ്യമായി. ഇത് പരിഹരിക്കുന്നതിനായി ₹12.60 കോടി രൂപയുടെ ഒരു പ്രൊപോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലേക്ക് (ആർ.കെ.ഐ.) ധനസഹായത്തിനായി സമർപ്പിച്ചത് പ്രകാരം, ₹12.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതി ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കി.

സംരക്ഷണ ഭിത്തിയുടെ നിർമ്മാണം കാലവർഷത്തിന് മുൻപ് പൂർത്തീകരിക്കണമെന്ന ഉദ്ദേശ്യത്തോടെ ദ്രുത ഗതിയിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുകയായിരുന്നു. എന്നാൽ 2024 മെയ് മാസത്തിലെ കനത്ത കാലാവർഷത്തിൽ ജലനിരപ്പ് ക്രമാതീതമായി ഉയരുകയും, നടപ്പിലാക്കിയ നിർമ്മിതികൾ വെള്ളത്തിനടിയിൽ ആകുകയും ചെയ്തു. ഇതിനെ തുടർന്ന് നിർമ്മാണം പൂർത്തിയായ സംരക്ഷണ ഭിത്തിയുടെ താഴ് ഭാഗത്തുനിന്ന് മണ്ണൊലിച്ചു പോയതിനാൽ 20 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി മറിഞ്ഞു പോകാനും ഇടയായി.

തുടർന്ന് കേടുപാടുകൾ സംഭവിച്ച സംരക്ഷണ ഭിത്തിയുടെ പുനർനിർമാണത്തിനുള്ള ഡിസൈൻ തയ്യാറാക്കുകയും, അതനുസരിച്ചുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിലേക്ക് (ആർ.കെ.ഐ.) സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ ഐ.ഐ.ടി. അല്ലെങ്കിൽ എൻ.ഐ.ടി. പരിശോധിച്ചതിന് ശേഷം പുനർനിർമ്മാണ പ്രവൃത്തികളുടെ

ഡി.പി.ആർ. തയ്യാറാക്കി നൽകുന്നതിന് ആർ.കെ.ഐ.യിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് ഡിസൈൻ തയ്യാറാക്കി എൻ.ഐ.ടി. കാലിക്കറ്റ് കോളേജിനെ പരിശോധിക്കുന്നതിനായി ഏൽപ്പിച്ചു. എൻ.ഐ.ടി. ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും, കെ.ഐ.ഐ.ഡി.സി. ഉദ്യോഗസ്ഥരുമായി നിരവധി ചർച്ചകൾക്കും ശേഷം 12.08.2025-ന് ഡിസൈന് അംഗീകാരം നൽകി.

2025 ജൂൺ മാസത്തിലെ കാലവർഷത്തിൽ ചെക്ക് ഡാമിലെ ഷീറ്റ് പൈലിന് കേടുപാടുകൾ സംഭവിച്ചതായി കണ്ടെത്തി. തുടർന്ന് കേടുപാടുകൾ പരിഹരിക്കുന്നതിനും തകർന്ന് പോയ സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി 07.10.2025-ന് ആർ.കെ.ഐ.യിൽ സമർപ്പിച്ചു. പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടി, പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സമർപ്പിക്കുവാൻ 22.01.2026-ന് ചീഫ് ടെക്നിക്കൽ എക്സാമിനർ അറിയിക്കുകയുണ്ടായി. തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്കായി ₹33.32 കോടി രൂപയുടെ എസ്റ്റിമേറ്റും അനുബന്ധ ഡ്രോയിംഗുകളും 03.02.2026-ന് സമർപ്പിച്ചു.

18.07.2026-ന് ചേർന്ന 29-ാമത് ഉന്നതതല സമിതി (HLEC) യോഗത്തിൽ പ്രസ്തുത എസ്റ്റിമേറ്റ് പരിഗണിക്കുകയും പ്രവൃത്തി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഘട്ടം I: തടയണയുടെ വലതുകരയിലെ ഡൗൺസ്ട്രീം ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതും, സംരക്ഷണ ഭിത്തിയുടെ പിൻഭാഗത്ത് ബാക്ക് ഫില്ലിംഗ്, ഒലിച്ചുപോയ കരഭാഗം പുനഃരൂപീകരിക്കുന്നതുമായ പ്രവൃത്തികൾ (₹16.99 കോടി രൂപ).

ഘട്ടം II: തടയണയുടെ അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവൃത്തികൾ (₹16.33 കോടി രൂപ).

ഇതിന്റെ ഭാഗമായി, ഒന്നാം ഘട്ട പ്രവൃത്തികൾക്ക് ₹16.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കുന്നതിനായി അടുത്ത കമ്മിറ്റി യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിൽ പൊളിച്ച പി.ഡബ്ല്യു.ഡി റോഡുകളിൽ പുനർനിർമ്മിക്കാൻ ബാക്കിയുള്ളത് ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; റോഡുകളുടെ പുനർനിർമ്മാണ പ്രവൃത്തി എന്നാണ് പൂർത്തീകരിക്കുക; വിശദമാക്കാമോ;

<u>മറുപടി:</u> ഷൊർണ്ണൂർ മണ്ഡലത്തിൽ നെല്ലായ മാവുണ്ടികടവ് പി.ഡബ്ല്യു.ഡി റോഡിൽ 900 മീറ്റർ പൈപ്പ്.ലൈൻ സ്ഥാപിക്കാനുള്ളതിൽ 400മീറ്റർ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ടി റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ 31/01/2027-നകം പൂർത്തീകരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുണ്ട്.

പാലക്കാട് പ്രോജക്ട് ഡിവിഷനു കീഴിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ 13 പൊതുമരാമത്തു റോഡുകളിൽ പൈപ്പു സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 7റോഡുകൾക്കായി 1,27,27,969/- രൂപ ബാങ്ക് ഗ്യാരണ്ടി തുകയായി അടവാക്കിയിട്ടുണ്ട്. അതിൽ 6 റോഡുകളിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി കരാറുകാർ മുഖേന ചെയ്തുകൊണ്ടിരിക്കുന്നു. ഒരു റോഡിൽ പൈപ്പ് സ്ഥാപിക്കുന്നത് ആരംഭിച്ചിട്ടില്ല. കൂടാതെ ശേഷിക്കുന്ന 6 റോഡുകളുടെ റെസ്റ്റോറേഷൻ പൊതുമരാമത്തു വകുപ്പിനു കീഴിൽ ചെയ്യുന്നതിനായി 5,19,90,644/- രൂപ ഒടുക്കിയിട്ടുണ്ട്. ഇവയിൽ 5 റോഡുകളിൽ പൈപ്പുലൈൻ പ്രവൃത്തികൾ പൂർത്തിയാക്കി. ഒരു റോഡിൽ പൈപ്പ് സ്ഥാപിക്കുന്നത് ആരംഭിച്ചിട്ടില്ല. റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.

(സി) കൃഷിക്കായി ജലം ലഭിക്കാത്ത പ്രദേശങ്ങൾ കണ്ടെത്തി ജലസേചന സൗകര്യം വിപുലീകരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കാൻ സർക്കാർ ആലോചനയുണ്ടോ; വിശദമാക്കാമോ?

മറുപടി: ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, കർഷക കൂട്ടായ്മകൾ എന്നിവർ മുഖേന ലഭ്യമാകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലും, ഫീൽഡ് ഉദ്യോഗസ്ഥർ കണ്ടെത്തുന്ന കൃഷിക്കായി ജലം ലഭിക്കാത്ത പ്രദേശങ്ങളിൽ, ആവശ്യകത ബോധ്യപ്പെടുന്നതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തി, ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, പ്ലാൻ / നോൺ പ്ലാൻ / എം.ഐ ക്ലാസ് 1 / എം.ഐ ക്ലാസ് 2 എന്നീ സ്കീമുകളിലായി ചെറുകിട ജലസേചന പ്രവർത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

ഫോറം 02/PWD

PWD ROAD RESTORATION - SHORNUR CONSTITUENCY

SL. No:	PWD Road Name	Proposed Length (In meters)	Restoration/ BG Amount	Restoration/ BG Amount In Rupees	Consolidated Status	Restoration work status
1	Kayiliad Krishnapadi Road	6	Bank Guarentee	1,466.00	Cutting Santion Received	Pipelaying not started
2	Kothakkurissi Cherabattakavu road	5200	Bank Guarentee	3,124,090.00	Cutting Santion Received	Restoration work ongoing
3	Vaniyamkulam Vallappuzha road	10200	Bank Guarentee	1,228,699.00	Cutting Santion Received	Restoration work ongoing
4	Chermbattakkav temple Chalavara jn	4400	Bank Guarentee	3,001,916.00	Cutting Santion Received	Restoration work ongoing
5	Kulappuly Eliyapetta Vig Road	16400	Bank Guarentee	2,750,000.00	Cutting Santion Received	Restoration work ongoing
6	Krishnapadi kayilayad	7800	Bank Gaurentee	1,670,651.00	Cutting Santion Received	Restoration work ongoing
7	Vaniyamkulam Vallappuzha road	6800	Bank Gaurentee	951,147.00	Cutting Santion Received	Restoration work ongoing
			Total	12,727,969.00		
1	Kulappully Eliappetta road (kulappully kailayadi) 2	450	RR Amount	2,082,000.00	Cutting Santion Received	Pipe laying not started
2	Shornur -Kavalappara	500	RR Amount	1004850	Cutting Santion Received	Pipe laying completed
3	Manissery chorottoor	3000	RR Amount	9,271,710.00	Cutting Santion Received	Pipe laying completed
4	Manissery -Cherottur Road	3000	RR Amount	9,271,710.00	Cutting Santion Received	Pipe laying completed
5	Mannannur Rly station Road	4500	RR Amount	15,180,187.00	Cutting Santion Received	Pipe laying completed
6	Mannannur Rly station Road	4500	RR Amount	15,180,187.00	Cutting Santion Received	Pipe laying completed
			Total	51,990,644.00		

Section officer